## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 416 — 10. 03. 2015 ൽ മറുപടിക്ക്

## സി.എഫ്. ലാമ്പുകളുടെ പരിസരമലിനീകരണം

ചോദ്യം — ഉത്തരം

ശ്രീ. ബാബു എം. പാലിശ്ശേരി — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉപയോഗശൂന്യമായ സി.എഫ്. ലാമ്പുകൾ അലക്ഷ്യമായി വലിച്ചെറിയുന്നതിലൂടെയും കൈകാര്യം ചെയ്യുന്നതിലൂടെയും അതിൽ അടങ്ങിയിരിക്കുന്ന മെർക്കുറി വായുവിലും വെള്ളത്തിലും കലർന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന പരിസര മലിനീകരണവും, ആരോഗ്യപ്രശ്നങ്ങളും തടയുന്നതിന്, അവ സുരക്ഷിതമായി നശിപ്പിച്ചുകളയുന്നതിന് എന്തെല്ലാം നടപടികളാണ് ഊർജ്ജവകുപ്പ് സ്വീകരിച്ചിട്ടുള്ളത്? വിശദാംശം വ്യക്തമാക്കാമോ? | (എ) | ഉപയോഗശൂന്യമായ സി.എഫ്.എൽ, ഫ്ലൂറസെന്റ് ട്യൂബ് എന്നിവ ദോഷരഹിതമായി സംസ്കരിക്കുന്നതിനുള്ള ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിന് എനർജി മാനേജ്മെന്റ് സെന്ററിൽ ഐ.ആർ.ജി. സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം മുഖാന്തിരം വിശദപഠന റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ